**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2159** **11-10-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ അംഗൻവാടി ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ ഏതൊക്കെ അംഗൻവാടികളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ആലത്തൂർ ഐസിഡിഎസ് പ്രൊജക്റ്റിലെ ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളും, ആലത്തൂർ അഡീഷണൽ ഐ സി ഡി എസ് പ്രൊജക്റ്റിലെ കിഴക്കഞ്ചേരി പഞ്ചായത്തും കുഴൽമന്ദം ഐ സി ഡി എസ് പ്രൊജക്റ്റിലെ കുഴൽമന്ദം, തേക്കുറിശ്ശി പഞ്ചായത്തുകളും നെന്മാറ അഡീഷണൽ ഐ സി ഡി എസ് പ്രൊജക്റ്റിലെ വണ്ടാഴി, മേലാർകോട് പഞ്ചായത്തുകളുമാണ് ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുന്നത്. ഇതിൽ ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളൊഴികെയുള്ള പഞ്ചായത്തുകളിൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് ഇന്റർവ്യൂ നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ക്ഷണിച്ച അപേക്ഷകളിന്മേൽ ഇന്റർവ്യൂ നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ ഇന്റർവ്യൂ കഴിഞ്ഞിട്ടുണ്ട്. എന്നാൽ WP(C)No. 24893/2018 കേസിൻമേൽ ബഹു. ഹൈക്കോടതിയുടെ 26/11/2019ലെ അന്തിമ വിധിന്യായം പ്രകാരം 26/11/2019ന് ശേഷം സെലക്ഷൻ കമ്മിറ്റികൾ രൂപീകരിക്കാൻ സാധിക്കാത്ത സാഹചര്യം ഉള്ളതിനാൽ, കിഴക്കഞ്ചേരി, കുഴൽമന്ദം, തേങ്കുറിശ്ശി, മേലാർകോട് എന്നീ പഞ്ചായത്തുകളിൽ മറ്റ് നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത വിധിയ്ക്കെതിരെ സർക്കാർ WA-730/2020 പ്രകാരം അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെങ്കിലും വിധിന്യായം വന്നിട്ടില്ല. |
| (സി) | പ്രസ്തുത അംഗൻവാടികളിൽ ജീവനക്കാരെ അടിയന്തരമായി നിയമിക്കേണ്ടതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | ബഹു. ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നതിനാൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഇപ്പോൾ സാധിക്കുകയില്ല. എന്നാൽ അംഗൻവാടി നിയമനത്തിന് 30/04/2018ലെ സ.ഉ(സാധാ) നം. 254/2018/സാനീവ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മറ്റ് ലിസ്റ്റുകൾ വഴി നിയമനം നടത്താവുന്നതാണ്. ഇത്തരത്തിൽ ഒരു ലിസ്റ്റും നിലവിലില്ലാത്ത ഇടങ്ങളിൽ, അംഗൻവാടി ലെവൽ മോണിറ്ററിംഗ് |

| | | | |
|---|---|---|---|
| | | | ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി കൂടി യോഗ്യരായവരെ താൽക്കാലികമായി നിയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ